

# 2019-2020






# CHOTHAVOOR HIGHER SECONDARY SCHOOL CHAMPAD

## ചീഫ് എഡിറ്റർ

ജയരാജൻ കെ പി

## സ്റ്റാഫ് എഡിറ്റർ

പ്രദീപ് കുമാർ എ

## സ്റ്റുഡന്റ് എഡിറ്റേർസ്

ശ്രേയ സുശീൽ

മാനസ സി

അമൽപ്രകാശ് കെ പി


അന്വയ് ഡി ബി

വിവരസാങ്കേതികവിദ്യയുടെ
പുതിയകാലത്ത്
ഡിജിറ്റൽ മാഗസിനുകൾ
പ്രസക്തമാണെന്ന് ഞങ്ങൾ
വിശ്വസിക്കുന്നു.
സമൂഹമാധ്യമങ്ങളിലൂടെ
വിദ്യാർത്ഥികളുൾപ്പെടെയുള്ളവർ
പലപ്പോഴും ക്രിയാത്മകമല്ലാത്ത
കാര്യങ്ങളിൽ വ്യാപരിക്കുന്നതാണ്
ഇന്നത്തെ അവസ്ഥ.
സൈബർലോകത്തും വിദ്യാർത്ഥികളിൽ
സൃഷ്ടിപരത വളർത്താനുള്ള ഉദ്യമമാണ്
ഡിജിറ്റൽ മാഗസിൻ.
ചോതാവൂർ എച്ച് എസ് എസും
ഇതിന്റെ ഭാഗമാകുന്നു.
എഴുത്തോല ഡിജിറ്റൽ മാഗസിൻ
വായനക്കായി ഞങ്ങൾ സമർപ്പിക്കുന്നു.

# ജീവിതം

മാനസ.സി, 9 ഇ

ഇരമ്പുന്ന കടലിൻ തിരമാലകൾ പോൽ
അലയടിക്കുന്ന ജീവിതം.
മറച്ചിട്ടും പുസ്തകത്താളിൽ
മറഞ്ഞുപോം ചിത്രമാം ജീവിതം.
എങ്ങുനിന്നോ ഏറ്റ പ്രഹരത്തിൽ
വഴുതിയ എണ്ണക്കുപ്പിയാം ജീവിതം.
പകയാൽ തിളച്ചുപൊങ്ങും
രക്തത്തിൻ കുത്തൊഴിക്കിൽ
പകച്ചുപോയ ജീവിതം.
വിധിയെഴുതിയ മുറിവുകളിൽ
ചിരിമരുന്ന് പുരട്ടിയ ജീവിതം.
അനുഭവത്തിൻ കൊടുംതീയിൽ
വെന്തുരുകുന്ന ജീവിതം.
തണുപ്പില്ലാതെ,
ചൂടില്ലാതെ,
നനവില്ലാതെ
ഉണങ്ങിക്കരിഞ്ഞ ജീവിതം.
നിറക്കൂട്ടില്ലാത്ത പടംപോലെ
മഷിയില്ലാ മഷിക്കുപ്പിപോലെ
നീരില്ലാ കയംപോലെ
അർത്ഥമില്ലാത്ത വാക്കുപോലെ
ഇടമില്ലാതെ തങ്ങിയ ജീവിതം.
എങ്കിലും,
നൊമ്പരത്തിൻ വേപഥുകളില്ല,
ചോരയൊഴുകും പാടുകളും..


By Jinsha M
VIII th B

# ഒരോർമ്മ ബാക്കി............

അനശ്വര ശബരീഷ്, 10 സി

വികസനക്കുതിപ്പുകളിൽ തലയെടുപ്പോടെ നിൽക്കുന്ന കൊച്ചി. ആ കൊച്ചിയിൽ അധ്യാപകരോടൊപ്പം ഞാനും കൂട്ടുകാരും യാത്ര പോയി.കേരളത്തിലെ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമായ കൊച്ചിയിലെ മുഖ്യ ആകർഷണം കടലായിരുന്നു.ആ കടലിനെ ഒന്നുകൂടി അറിയാൻ ഞങ്ങളുടെ സംഘം ബോട്ടിൽ കയറി.അറബിക്കടലിന്റെ സമീപത്തെത്തിയെങ്കിലും തിരമാലകളുടെ ചാഞ്ചാട്ടം കാരണം ഞങ്ങൾ കരയോടടുത്തു.അതിനുശേഷം, മറൈൻ ഡ്രൈവിലൂടെ നടന്ന് ബസ്സിൽ കയറി അടുത്ത സ്ഥലം ഏതാണെന്ന് ചോദിച്ചപ്പോൾ അദ്ധ്യാപകൻ പറഞ്ഞു"തൃപ്പൂണിത്തറ ഹിൽ പാലസിലേക്കാണെന്ന്........"ഞങ്ങൾ പാലസ് കാണാൻ ആകാംഷാഭരിതരായി നിന്നു.പാലസിനടുത്ത് ബസ്സ് നിർത്തിയിട്ടു.ഞങ്ങൾ പാലസിനടുത്തെത്തി.പാലസിന്റെ ഏറ്റവും താഴെ ഒരു വലിയ കുളം കണ്ടു.പണ്ട് രാജ്ഞിമാർ നീരാടിയിരുന്ന കുളമായിരുന്നു അത്.ആ കുളത്തിലേക്ക് ഞങ്ങളാരെയും കടത്തിവിട്ടില്ല.ചുവപ്പും വെള്ളയും ചായങ്ങളാൽ പൂശിയ നൂറിലധികം പടികൾ കടന്ന് ഒടുവിൽ പാലസിന് അടുത്തെത്തി.മനോഹരമായ വൃക്ഷങ്ങൾ കൊണ്ടും പൂക്കൾ കൊണ്ടും മനോഹരമായിരുന്നു അവിടെയുള്ള ഉദ്യാനം.

പാലസിന്റെ പടവുകൾ കയറിയപ്പോൾ ആദ്യം കണ്ടത് അശോകവൃക്ഷത്തെ ആയിരുന്നു.പിന്നെ പാലസിൽ കയറിയപ്പോൾ കണ്ടത് മരത്താൽ നിർമ്മിതമായ വശ്യസൗന്ദര്യമുള്ള ഒരു ഗജത്തെയായിരുന്നു.പാലസിനുള്ളിൽ കടന്നപ്പോൾ അതിമനോഹതമായ കാഴ്ചകൾ എന്റെ കണ്ണിലൂടെ കടന്ന് പോയി.ആ കാലത്ത് അവിടുത്തെ രാജാവിന് വാസ്കോഡഗാമ സമ്മാനിച്ച പല വസ്തുക്കളും ഞങ്ങൾ കണ്ടു.ചെമ്പ് കൊണ്ട് മാത്രം നിർമ്മിച്ച ഒരു ഇരിപ്പിടം.അക്കാലത്ത് അവിടെയുള്ള രാജാക്കൻമാരും,രാഞ്ജിമാരും ധരിച്ചിരുന്ന വസ്ത്രങ്ങളും ആഭരണങ്ങളും കണ്ടു. പാലസിൽ കയറിയപ്പോൾ ആദ്യം ഓർമ്മ വന്നത് മണിച്ചിത്രത്താഴ് സിനിമയായിരുന്നു.നാഗവല്ലിയുറങ്ങുന്ന ആ കൊട്ടാരത്തിൽനിന്നും ഞങ്ങളിറങ്ങി. പിന്നീട് അവിടെയുള്ള മാൻ വളർത്തൽ കേന്ദ്രത്തിലെത്തി.അവിടെ ചെറുതും വലുതുമായി ഒരുപാട് മാനുകളുണ്ടായിരുന്നു. അതിന് ശേഷം ഞങ്ങൾ പാലസിന്റെ പടിയിറങ്ങി.

ജീവിതത്തിന്റെ അകത്തളത്തിൽ ഒരുപിടി മാധുര്യമേറുന്ന ഓർമ്മകൾ സമ്മാനിച്ച കൊച്ചിയിൽ നിന്ന് മടങ്ങുമ്പോൾ,കടലാകുന്ന മനസ്സിന്റെ അലകളിൽ കൊച്ചി ഒരു ഓർമ്മയായി അവശേഷിച്ചു.

# ക്ലാസ് മുറികൾ ഹൈടെക്കായപ്പോൾ

മാനസ.സി 9D

കേരളസംസ്ഥാന സർക്കാരിന്റെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി Kerala Infrastructure And Technology For Education(കൈറ്റ്)40083 ക്ലാസ്സുറികൾ ഹൈടെക്ക് ആക്കുവാൻ വേണ്ടി, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ലാപ്ടോപ്പുകളും മൾട്ടിമീഡിയപ്രൊജക്ടേർസും ലഭ്യമാക്കി. ഈ സംരംഭം സ്കൂളുകളെയും വിദ്യാർത്ഥികളെയും അറിവിന്റെ പരമോന്നതിയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. ക്ലാസ് മുറികൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിൽ ആരംഭിച്ച ഈപരിപാടിയുടെ ഭാഗമായി ക്ലാസ് മുറികൾ ടൈലുകളിട്ടും അടച്ചുറപ്പ് വരുത്തിയും ആകെ ഒരു പുതുമോടികൈവരിച്ചു. ഇന്റർനെറ്റ് ക്ലാസിലെത്തിയപ്പോൾ ഞങ്ങൾക്കൊരു പുതിയ അനുഭവമായിരുന്നു. നേരിൽ കാണാത്തത് പലതും കാണാൻ കഴിഞ്ഞതും, ദൃശ്യ ശബ്ദ സാധ്യതകളുടെ ഉപയോഗവും ഞങ്ങളുടെ ക്ലാസ്റൂമിനെ മാറ്റി മറിച്ചു. ക്ലാസ്റൂമുകളിലെ സാങ്കേതിക വിദ്യകൾ കുട്ടികൾക്ക് സ്വതന്ത്രമായ പഠനത്തിന് വഴിയൊരുക്കി കൊടുക്കുന്നു. പാഠപുസ്തകങ്ങൾക്കപ്പുറം ഒരു വിജ്ഞാന മേഖലയെ ചൂണ്ടിക്കാട്ടുക എന്നതാണ് IT @ School ന്റെയും കൈറ്റിന്റെയും പ്രധാന ലക്ഷ്യം.

യാതൊരുവിധ നിബന്ധനകളോ തടസ്സങ്ങളോ ഇല്ലാതെ വിദ്യാഭ്യാസ ഉള്ളടക്കങ്ങളെ നിർമ്മിക്കുവാനും മാറ്റങ്ങൾ വരുത്തുവാനും ഉള്ള സ്വാതന്ത്ര്യം കൈറ്റിനെ ഫ്രീ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ രംഗത്തെ തലപ്പത്ത് എത്തിക്കുന്നു. കൈറ്റ് സ്വതന്ത്രമായി രൂപപ്പെടുത്തിയ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് IT @school ubundu.ഇത് വിദ്യാഭ്യാസത്തിനുതകുന്ന വളരെയധികം ആപ്ലിക്കേഷനുകൾ ചേർന്നതാണ്.ഈ സാങ്കേതികവിദ്യകൾ കുട്ടികൾക്ക് വിദിയാഭ്യാസമേഖലയിൽഉന്നതിയിലെത്തുവാൻ പ്രചോദനമേകുന്നു. ഹൈടെക് ഉപയോഗം പഠനം എളുപ്പവും ലളിതവുമാക്കുന്നു. 8 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി 45000 ഓളം ക്ലാസുകൾ ഡിജിറ്റലാക്കി മാറ്റിയതിനോടൊപ്പം 'ലിറ്റിൽ കൈറ്റസ്" എന്ന ICT കൂട്ടായ്മയെയും ഈ സംരംഭം പിന്താങ്ങുന്നു. ആനിമേഷൻ,മലയാളം ടൈപ്പിംഗ്,ഇലക്ട്രോണിക്സ്,റോബോട്ടിക്സ്, ഗ്രാഫിക് ഡിസൈനിംഗ്,പ്രോഗ്രാമിംഗ് തുടങ്ങിയ നിരവധി മേഖലകളിൽ കുട്ടികളിലുള്ള കഴിവിനെ പ്രചോദിപ്പിക്കുന്ന ഒരു കൂട്ടായ്മയാണിത്.സ്കൂളിലെ ഐ ടി ഉപകരണങ്ങളുടെ പരിപാലനം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഭംഗിയായി നിർവഹിക്കുന്നു.

ഈ ഹൈടെക് പദ്ധതി തീർച്ചയായും കുട്ടികളിലെ മികവിനെ ഉയർ ത്തിക്കൊണ്ടുവരാനും അവരുടെ പഠനം ലളിതമാക്കുവാനും സഹായകമാണ്.

# ശിഷ്ടങ്ങളുടെ ലോകം

**അഭിഷേക്, 10 സി**

എണ്ണൽ സംഖ്യകളെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടമായി ഏതൊക്കെ സംഖ്യകൾ ലഭ്ക്കാം? 0, 1, 2 ഇവയല്ലേ? ഈ ശിഷ്ടങ്ങളുടെ അടിസ്ഥ്നത്തിൽ എണ്ണൽ സംഖ്യകളെ ചുവടെ കൊടുത്ത രീതിയിൽ തരം തിരിക്കാം.

3,6,9,12,15,18,21,24,.......................................

1,4,7,10,13,16,19,22,25,....................................

2,5,8,11,14,17,20,23,26,..................................

ഇതിൽ ഒന്നാമത്തെ കൂട്ടത്തിലെ ഏത് രണ്ട് സംഖ്യകളുടെ തുകയും ഇതേ കൂട്ടത്തിലായിരിക്കും.

3+6=9, 9+21=30, 18+24=42, 3+2=24, ...........................

എന്നാൽ രണ്ടാമത്തെ കൂട്ടത്തിലെ ഏത് രണ്ട് സംഖ്യകളുടെ തുകയും മൂന്നാമത്തെ കൂട്ടത്തിലായിരിക്കും.

1+4=5, 4+16=20, .................................

അതുപോലെ മൂന്നാമത്തെ കൂട്ടത്തിലെ ഏത് രണ്ട് സംഖ്യകളുടെ തുകയും രണ്ടാമത്തെ കൂട്ടത്തിലായിരിക്കും.

2+5=7, 8+20=28, ..................................

3 ന പകരം മറ്റു സംഖ്യകൾ ആയാലോ?

...................................

ശിഷ്ടം പൂജ്യമായ കൂട്ടങ്ങളിലെ ഏത് രണ്ട് സംഖ്യകളുടെ തുകയും അതേ കൂട്ടത്തിലായിരിക്കും. മറ്റുള്ളവയിൽ അതേ കൂട്ടത്തിലാവില്ല.

ഒന്നുകൂടി വിശദമായി നോക്കിയാൽ രണ്ട് സംഖ്യകളുടെ തുകയെ ഒരു നിശ്ചിത സംഖ്യകൊണ്ട് ഹരിക്കുമ്പോഴുള്ള ശിഷ്ടം ആ സംഖ്യകളെ ഈ നിശ്ചിത സംഖ്യകൊണ്ട് ഹരിക്കുമ്പോഴുള്ള ശിഷ്ടങ്ങളുടെ തുകയായിരിക്കും.

മുകളിൽ കൊടുത്തവയിൽ ഒന്നാമത്തെ കൂട്ടത്തിലെ ഏത്  സംഖ്യയേയും 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആണ്. ഈ സംഖ്യകളിൽ നിന്ന് 1 കുറച്ചാൽ 3 ന്റെ ഗുണിതമായിരിക്കും. അതുപോലെ രണ്ടാമത്തെ കൂട്ടത്തിലെ സംഖ്യകളിൽ നിന്ന്

രണ്ട് കുറച്ചാൽ മൂന്നിന്റെ ഗുണിതമായിരിക്കും.

പൊതുവായിപ്പറഞ്ഞാൽ x എന്ന സംഖ്യയെ ഒരു നിശ്ചിത സംഖ്യ കൊണ്ട് ഹരിച്ചാൽ k ശിഷ്ടമായി ലഭിച്ചാൽ x-k എന്നത് ആ സംഖ്യയുടെ ഗുണിതമായിരിക്കും.

തുകയ്ക്ക് പകരം ഗുണനഫലമായാലോ? ....................................

# മനുഷ്യനും ഭാവിയും

അനന്യ, 10C

നിശബ്ദമായി നിഷേധങ്ങൾ
ഉയരുന്നുണ്ടെങ്കിലും മനുഷ്യ-
ശൃഖലകളും അനുസ്മരണവും
നടത്തുന്നുണ്ടെങ്കിലുമറിയുന്നീ-
ലൊരുവനും മനുഷ്യവംശഭാവി.
സ്നേഹബന്ധമാം പ്രമേയങ്ങൾ
അന്ധമായുള്ളൊരാ കണ്ണുകളാൽ
തിരിച്ചറിയും സ്വയം
ആധുനികതയിലെ മാനവജാതികൾ
തകരാത്ത സ്കൂളിന്റെ
തളരാത്ത മൂലകൾ
ആശ്രയിക്കുമ്പോളോർത്തതില്ല.
ജാതി-മത-പ്രാദേശിക
ഭേദങ്ങളൊന്നുമേ
മനുഷ്യരെ,മതങ്ങളെ,
മാനവശക്തിയെ ഒന്നിപ്പിക്കുവാൻ
ഹേതുവാകുന്ന പാരിലുണ്ടാകുന്ന
ദുരന്തങ്ങളിൽ ചിലതെങ്കിലും
പഴയതലമുറയിലെ പാമരൻമാർ
അവരിതു മനസ്സിലാക്കിയെങ്കിലും
പുതുതലമുറയുലെ പരിഷ്കാരികൾക്കിത്
മനസ്സിലാകുന്നീല......
പരിണിതമാം ഫലങ്ങളും തിരിച്ചറിയുന്നീല....
ജീവജാലങ്ങളുടെ അവകാശമായൊരു ഭൂമിയിൽ
അമ്മമാർ എരിയുന്നു
മെല്ലെ മെല്ലെ കാട്ടുതീപോലെ....

# പൈതൃകനഗരിയിലേക്ക് ഒരു യാത്ര

അവിഘ്ന.പി, 10 സി

ഇന്ത്യയുടെ തലസ്ഥാനനഗരിയായ ഡൽഹിയിലെ മാധുര്യമേറുന്ന ഒരു പിടി കാഴ്ചകളിലേക്ക് ഞാൻ യാത്ര പോയി. ഷാജഹാന്റെയും മുംതാസിന്റെയും ഓർമ്മകൾ തത്തിക്കളിച്ച ചരിത്രമുറങ്ങുന്ന പൈതൃക നഗരിയിലെ കുടീരത്തിലേക്കാണ് ആദ്യമായി ഞാനും കൂട്ടരും പോയത്. ദൂരെ നിന്ന് കാണുമ്പോൾ തന്നെ എന്റെ മനസ്സിലേക്ക് അവവർ പടിപടിയായി കടന്നുവന്നു. അവരുടെ സ്നേഹത്തിന്റെ പരിച്ഛേദമായിരുന്നു  ആ കുടീരം. അതിനുള്ളിൽ കയറുന്നതിന് മുമ്പ് ഞാൻ കരുതിയത് ഷാജഹാന്റെയും മുംതാസിന്റെയും ചിത്രങ്ങളായിരിക്കും അതിനുള്ളിലെന്നാണ്. പക്ഷേ അവരിരുവരുടെയും ശവകുടീരങ്ങൾ ഒരു സ്ഥാനത്തും മറ്റുള്ളവരുടെ കുടീരങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. എന്നാലും അവിടെയൊരു ചരിത്രത്തിന്റെ പഴക്കം ചെന്ന പശ്ചാത്തലമുണ്ടായിരുന്നു. വലിയ നടപ്പാതയും ഉദ്യാനങ്ങളും ഒത്തുചേർന്ന ഒരു മനോഹരകുടീരം, 'താജ്മഹൽ'.

അടുത്തതായി ചെങ്കോട്ടയിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. ചുവന്ന നിറത്തിലുള്ള ആകർഷണീയമായ ആ കോട്ട, സായാഹ്നത്തിന്റെ പടവുകളിൽ കണ്ടപ്പോൾ ഇന്ത്യയുടെ ത്രിവർണ്ണ പതാക ഉയർത്തുന്ന സുരഭില നിമിഷം ഓർത്തുപോയി.

പിന്നീട് നേരെ പോയത് ആഗ്രയിലെ ലോട്ടസ് ടെമ്പിളിലേക്കാണ്. വെള്ളനിറത്താലുള്ള താമരയുടെ ഉള്ളിലേക്കാണ് ഞങ്ങൾ പോയത്. തികച്ചും വ്യത്യസ്തമായ ഒരനുഭൂതിയായുരുന്നു എന്നിൽ ഉണ്ടായത്.പേര് കേട്ടപ്പോൾ എന്തോ അമ്പലമാണെന്ന് കരുതി. എന്നാൽ അത്തരത്തിലൊന്നും ഞാൻ അവിടെ കണ്ടില്ല. എല്ലാം കഴിഞ്ഞപ്പോൾ മനസ്സിനുള്ളിൽ ഒരു തൃപ്തിയുണ്ടായിരുന്നു. സഞ്ചാരം മാത്രമല്ല,അതിലൂടെ ലഭിച്ച അറിവുകളും, മറക്കാനാവാത്ത തേൻചൊരിയും അനുഭവങ്ങളും ഇന്നും എന്റെയുള്ളിൽ അലയടിക്കുന്നു.

# കണ്ണീർ കിനിയുന്ന ഓർമ്മച്ചെപ്പുകൾ

നൈതിക. കെ

**ട്രെ**യിനിന്റെ ജനാലയ്ക്കരിരിലിരുന്ന് അവൾ വിജനതയിലേക്ക് നോക്കി ചിന്താമഗ്നയായിരുന്നു. പെട്ടെന്ന് എവിടെ നിന്നോ വന്ന ഒരിളം കാറ്റ് അവളുടെ മുടിയിഴകളെ പാറിപ്പറത്തി. അവളുടെ മനസ്സ് ഓളങ്ങളിലൂടെ ഒഴുകി പഴയ കുട്ടിക്കാലത്തിന്റെ പടിവാതിൽക്കൽ എത്തിച്ചേർന്നു......

ഒരോണക്കാലം പുലർച്ചെ കണ്ണുതിരുമ്മി കോലായിൽ വന്നുനിന്നു. ഏതോ ഒരു ദിക്കിൽ നിന്ന് കുയിലിന്റെ മണിനാദം കേട്ട് അവൾ ആ മരക്കൊമ്പിലേക്കു നോക്കി. നോക്കുമ്പോഴതാ....... പൂത്തുലഞ്ഞാടി നിൽക്കുന്ന കണിക്കൊന്നകൾ വശ്യതമാർന്ന ഈ പ്രകൃതി സൗന്ദര്യത്തെ ഒന്നു തൊട്ടുനോക്കണമെന്ന് അവൾ ഏറെ ആഗ്രഹിച്ചു. മരത്തിൽ കയറാൻ ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം ! അവൾ ഏറെ ദുഃഖിതയായി.

എങ്കിലും ഓണാഘോഷത്തിന്റെ തന്ത്രിപ്പാട്ടുകൾ അവളുടെ വീട്ടിൽ മാറ്റൊലികൊണ്ടു. പുതുവസ്ത്രങ്ങളണിഞ്ഞ് പൂക്കളം തീർത്ത് ആ കുടുംബം ഓണത്തെ വരവേറ്റു. സന്തോഷത്തിന്റെ പിഷ്പങ്ങൾ ഓരോന്നായി അവരുടെ മനസ്സിൽ കൂട്ടിച്ചേർക്കപ്പെട്ടു.

രാത്രിയും പകലും കടന്നുപോയി....... , അങ്ങനെ ഒരുനാൾ അവളുടെ അച്ഛൻ ജോലി ആവശ്യത്തിനായി ദൂരെയുള്ള ഒരിടത്തേക്ക് പോകേണ്ടതായി വന്നു. സന്ധ്യയായി മണിക്കൂറുകളായി അവൾ അച്ഛനേയും കാത്തിരിക്കുകയാണ്. മിനുട്ടുകൾ മണിക്കൂറുകളായി..... പൂമുഖവാതിൽക്കൽ അച്ഛനേയും കാത്തവളിരുന്നു. നിശബ്ദത അവളെ ചൂഴ്ന്നു തിന്നു. കുറുക്കന്മാരുടെ രോദന ശബ്ദം അവളെ ഭയത്തിലാഴ്ത്തി.

അർദ്ധരാത്രിയായിട്ടും വന്നില്ല. അമ്മ ഭക്ഷണം കഴിക്കാൻ അവളെ നിർബന്ധിച്ചു. അമ്മയുടെ മനസ്സിലും എന്തെന്നില്ലാതെ ഒരാധിപടരുന്നുണ്ടായിരുന്നു. പക്ഷെ മുഖത്ത് കാട്ടുന്നില്ലെന്നു മാത്രം. എത്ര വിളിച്ചിട്ടും ഫോൺ എടുക്കുന്നില്ല.

എന്തു ചെയ്യണമെന്നറിയാതെ അമ്മയും അവളും വിറങ്ങലിച്ചു.കിടക്കയിൽ കിടന്ന് ജനലിലൂടെ അവൾ നിലാവിന്റെ പാൽവെളിച്ചത്തെ നോക്കി കണ്ടു. കൂരാക്കൂരിരുട്ട്. എങ്ങും നിശബ്ദത. ചീവീടുകളുടെ അനക്കം മാത്രം. അവൾ ആകെ ഭയത്തിലാഴ്ത്തപ്പെട്ടു. നൊമ്പരമാർന്ന നിമിഷങ്ങളിലൂടെ ആ രാത്രി കടന്നുപോയി.

രാവിലെ ഉണർന്നപ്പോൾ ഒരു ഞെട്ടിപ്പിക്കുന്ന വാർത്ത; അച്ഛൻ ഒരപകടത്തിൽ മരണപ്പെട്ടു. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഊർന്നു വീഴാൻ തുടങ്ങി.

ഈ സംഭവത്തോടെ അമ്മയുടെ സ്ഥിരതയും നഷ്ടപ്പെട്ടു. അവളുടെ മനസ്സ് വിങ്ങിപ്പൊട്ടി. ദുഃഖത്തിന്റെ കൂടാരത്തിലേക്ക് അവൾ വഴുതി വീണു. അവൾ നിശബ്ദയായി പൂമുഖവാതിൽക്കൽ ഇരുന്ന് ദൂരേക്ക് നോക്കി. പിന്നെ ആ വാതിൽക്കൽ ഒരു തിരിനാളം കത്തിയിട്ടില്ല.

ദിവസങ്ങളോരോന്നായി കണ്ണുനീർ തുള്ളിയിലലിഞ്ഞു കടന്നു പോയി. വിരഹദുഃഖത്തിന് കണ്ണുനീർ തുകിക്കൊണ്ടവൾ ഏകയായി. പെട്ടെന്ന് ചിന്തയിൽ നിന്നവൾ ഞെട്ടിയുണർന്നു. ട്രെയിൻ ഒരു സ്റ്റേഷനിൽനിർത്തി. ഏതാണീ സ്ഥലം, എന്നറിയാതെ അവൾ ചിന്താകുലയായി. റോഡിൽ ഒരാൾക്കൂട്ടം അതിനിടയിലൂടെ അവൾ ഓടിനടന്നു നീങ്ങി. നോക്കുമ്പോഴതാ... ഒരാൾ ചോരയിൽ മുങ്ങിക്കിടക്കുന്നു. തന്റെ അച്ഛനെ പോലെയാണ് ഇയാളും ഇന്ന് അപകടത്തിൽപ്പെട്ടിരിക്കുന്നത് എന്ന് അവൾ മനസ്സിലാക്കി. ആളുകൾ ദൃശ്യങ്ങൾ പകർത്തുന്നു. എന്നാൽ ആശുപത്രിയിൽ കൊണ്ടുപോകാൻ ആരും ദയ കാണിക്കുന്നില്ല.

എന്നാൽ അവൾ കൈയ്യിലുള്ള ബാഗ് താഴെയിട്ട് ഓടിച്ചെന്ന് അയാളെ

ആശുപത്രിയിലെത്തിച്ചു. ഉടൻ തന്നെ ഐ. സി. യുവിൽ പ്രവേശിപ്പിച്ചു. അവൾ ആശുപത്രിവരാന്തയിൽ ചിന്താമഗ്നയായിരുന്നു. ഡോക്ടർ പുറത്തുവന്ന് ജീവൻ തിരിച്ചുകിട്ടിയെന്ന് പറഞ്ഞതോടെ അവളുടെ കണ്ണുകളിൽ സന്തോഷത്തിന്റെ അശ്രുകണങ്ങൾ പൊഴിയാൻ തുടങ്ങി.

ഒരു പുതുജീവൻ കൊടുത്തതിന്റെ സന്തോഷത്തോടെയും, തന്റെ അച്ഛന്റെ വേർപ്പാടിന്റെ ദുഃഖത്തോടെയും അവളിന്നും നിലാവിന്റെ പൂമകളായി ജീവിക്കുന്നു.

# എഴുത്തുകാരുടെ ഛായാചിത്രങ്ങൾ കാൻവാസിൽ വരച്ച് ചിത്രകാരികൾ



ചോതാവൂർ എച്ച് എസ് എസ് വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിച്ച ' ചിത്രം എഴുത്ത് ' പരിപാടിയിലാണ് സ്കൂളിലെ ചിത്രകാരികൾ പ്രശസ്ത എഴുത്തുകാരുടെ ഛായാചിത്രങ്ങളെഴുതിയത്. സ്കൂളിൽ നടന്ന റവന്യൂ ജില്ലാ സർഗോത്സവത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ഒ വി വിജയൻ, സുഗതകുമാരി, കുഞ്ഞുണ്ണിമാഷ്, പി എൻ പണിക്കർ, എം മുകുന്ദൻ, ടി പത്മനാഭൻ, കെ തായാട്ട്, കെ പാനൂർ, യു കെ കുമാരൻ തുടങ്ങിയവരുടെ ചിത്രങ്ങളാണ് വരച്ചത്. ചിത്രകലാധ്യാപകൻ പി മനോജിന്റെ നേതൃത്വത്തിൽ അവിഘ്ന, തേജാലക്ഷ്മി, ഹെറിൻ വത്സൻ, അൻവിത, എന്നിവരാണ് ചിത്രങ്ങൾ വരച്ചത്. ചിത്രങ്ങൾ സർഗോത്സവത്തിൽ പ്രദർശിപ്പിച്ചു.

# അച്ഛൻ കറുപ്പില്ലാത്ത നിഴൽ

**ഫാത്തിമ, എട്ട് ഇ**

"അയാളെ ഒരിക്കലും അച്ഛനായ് കാണാൻ എനിക്കാവില്ലഎന്ന് എത്ര പ്രാവശ്യം ഞാൻ നിങ്ങളോട് പറഞ്ഞു.എന്താ .പറഞ്ഞാ മനസ്സിലാവില്ലേ?" .മീനാക്ഷിയുടെ ഈ ചോദ്യം കുറച്ചൊന്നുമല്ല ബിന്ദുവിനെ ചൊടിപ്പിച്ചത് .ഞാൻ പറയുന്നത് മനസ്സിലാക്കാത്തത് നിന്റെ തെറ്റാ മീനൂ.സത്യം കയ്പ്പുള്ളതാണെന്ന് നിനക്ക് തോന്നുന്നത് കള്ളം അതിമധുരമാണെന്ന് നീ പഠിച്ചുവെച്ചതുകൊണ്ടാ.ബാലേട്ടന്റെ ഏഴിലൊന്ന് നന്മപോലുമില്ല നീ അച്ഛാ എന്നുവിളിക്കുന്ന ആ ദുഷ്ടന്.അയാൾ നിന്നെയോ എന്നെയോ എന്തെങ്കിലും ചെയ്യുമോ എന്ന പേടികൊണ്ട് ബാലേട്ടന്റെ അരികിൽ ഞാൻ എത്തിയപ്പോൾ കൈവിട്ടില്ല, നിന്നെയും എന്നെയും ആ മനുഷ്യൻ.നിനക്കതൊന്നും മനസ്സിലാവില്ല. ഇത്രയും പറഞ്ഞ് അവർ ആ മുറിവിട്ടിറങ്ങി. അമ്മയുടെ വാക്കിനെ അവൾ പുച്ഛത്തോടെ തള്ളിമാറ്റി.

ബാലകൃഷ്ണനെ അവൾക്കിഷ്ടമല്ല.മാന്യനായ ബാങ്കുദ്യോഗസ്ഥനാണ് അയാൾ.ബിന്ദുവിന്റെ രണ്ടാം ഭർത്താവ്.ആദ്യ ഭർത്താവ് സതീശൻ മുഴുകുടിയനും, മറ്റുപല ദുഃശീലങ്ങൾക്കും അടിമയുമാണ്. അതുകൊണ്ട് സഹിക്കവയ്യാതെയാണ് അവൾ വിവാഹമോചനം നേടിയത്. എങ്കിലും മീനാക്ഷിക്കിഷ്ടം അവളുടെ അച്ഛനെയാണ് ;സതീശനെ. ദിവസവും അമ്മയും മകളും തമ്മിൽ അടിയാണ്. എങ്കിലും ഒരിക്കൽ പോലും ശാന്തത കൈവിടാത്ത ആളാണ് ബാലകൃഷ്ണൻ.

രാവിലെതന്നെ അമ്മയും മകളുമായി നല്ലമുട്ടൻ വഴക്കാണ്."ഡീ............നീ അച്ഛാന്നു വിളിക്കുന്ന ആ ദുഷ്ടൻ നിന്നെ എന്തെങ്കിലും ചെയ്യുമോ എന്ന ഭയം ഉള്ളതുകൊണ്ടാണ് ഒരാൾതുണവേണമെന്ന തോന്നലിൽ ഞാൻ ബാലേട്ടനെ വിവാഹം ചെയ്തത്. എന്നിട്ടും നിനക്ക് ചായ്വ് ആ കുടിയനോടാണല്ലോ ?"ആ അമ്മ നിസംഗതയോടെ പറഞ്ഞു. "എനിക്കെന്റെ അച്ഛനോടുള്ള സ്നേഹം നിങ്ങളെന്തിനളക്കണം ?ഞാൻ ആർക്കും ആ അവകാശം നൽകിയിട്ടില്ല.എന്റെ കാര്യം നോക്കാൻ എനിക്കറിയാം.....".അവളുടെ വായിൽ നിന്നും വരുന്ന ഓരോ വാക്കും കാരമുൾകണക്കെ ആ അമ്മയുടെ മനസ്സിൽ തറച്ചുകൊണ്ടേയിരുന്നു. രംഗം വഷളാകുന്നതിനുമുമ്പ് ബാലകൃഷ്ണൻ അവിടേക്ക് വന്നു."മോളേ ,നീ ........"അദ്ദേഹത്തെ മുഴുവനാക്കാൻ മീനാക്ഷി സമ്മതിച്ചില്ല.മോളോ....നിങ്ങളെന്തിനാ എന്നെ അങ്ങനെ വിളിക്കുന്നെ ?.എന്റെ അമ്മക്ക് പോലും ആ സ്വാതന്ത്ര്യം നിഷേധിക്കുമ്പോഴാ അമ്മേടെ രണ്ടാം ഭർത്താവ്.അവരുടെ വാത്സല്യത്തെ അവൾ പരിഹസിച്ച് ഭൂമിക്കടിയിലോളം താഴ്ത്തി. മൂക്കിൻതുമ്പിലോളം ദേഷ്യവും ആയാണ് മീനാക്ഷി അന്ന് വീട് വിട്ടിറങ്ങിയത്. ഇടവഴി താണ്ടികൊണ്ടിരുന്നപ്പോഴാണ് ദേ മുന്നിൽ അവളുടെ അച്ഛൻ.അച്ഛാ ......... "ങാ.....മോളിങ്ങു വാ ...എന്തൊക്കയുണ്ട് വിശേഷങ്ങൾ പിന്നെ മോളെന്നും കോളേജിലേക്കല്ലേ പോവുന്നത്. ഇന്ന് ഒരു ചേഞ്ചിന് നമുക്ക് കറങ്ങാൻ പോയാലോ ?".മനസ്സിൽ ഒരുപാട് കാര്യങ്ങൾ ഒളിപ്പിച്ച് വെച്ച് , പുറത്ത് നിഗൂഢമായ ചിരിയിൽ അവളോട് ചോദിച്ചു.അതുപിന്നെ ചോദിക്കാനുണ്ടോ?.അമ്മ അറിയണ്ട വാ നമുക്ക് പോവാം".അവൾ അച്ഛന്റെ ബൈക്കിൽ കയറി.ഒരു വലിയ ഹോട്ടലിനു മുന്നിൽ വണ്ടി നിന്നു. "എന്താ അച്ഛാ ഇവിടെ ?" അവൾ സംശയത്തോടെ ചോദിച്ചു."അതൊക്കെ മോൾക്കിപ്പൊ മനസ്സിലാകും..."ഒരു വെെറ്റ് വാഗനറിനു നേരെ അയാൾ നടന്നു.വാഗനറിനുള്ളിലേക്ക് നോക്കി അയാൾ എന്തോ പറയുന്നു.ഇടക്ക് അവളെ

ചൂണ്ടികാണിച്ചു.കാറിനുള്ളിലെ ഒരു മൊട്ടത്തല അവളെ നോക്കി.എന്നിട്ട് സതീശന് കാശ് കൊടുത്തു.അത്രയും മതിയായിരുന്നു ആ കൗമാരക്കാരിക്ക് അവിടെ എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കാൻ.താൻ ജീവനു തുല്യം സ്നേഹിക്കുകയും വാനോളം ബഹുമാനിക്കുകയും ചെയ്തിരുന്ന തന്റെ അച്ഛൻ ഇന്നവളെ വിൽക്കാൻ കൊണ്ടുവന്നിരിക്കുന്നു. അതും കാശിന് വേണ്ടി .അവളുടെ ഹൃദയം നുറങ്ങി നുറുങ്ങി ഇല്ലാതാവുന്നതായി തോന്നി.അവൾ സ്വയം രക്ഷക്കായി പാഞ്ഞുവരുന്ന ആ ലോറിക്കു മുന്നിൽ അവൾക്ക് വേഗത നിയന്ത്രിക്കാൻ കഴിഞ്ഞില്ല.അവൾ തെറിച്ച് റോഡിന്റെ ഒരു സൈഡിലേക്ക് വീണു.ബോധം മറയുന്നതിനു മുമ്പ് മങ്ങിയ കാഴ്ചയിൽ അവൾ കണ്ടത് ,അവളെ രക്ഷിക്കേണ്ട സ്വന്തം അച്ഛൻ അവൾ ദൈവത്തെ പോലെ ആരാധിച്ച ആ മനുഷ്യൻ ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ അവളിൽനിന്നുമോടിയകലുന്നതായിരുന്നു.

ബോധം തെളിയുമ്പോൾ മീനാക്ഷി കാണുന്നത് ഒരുപാട് വയറുകളും ഒരു മോണിറ്ററും പിന്നെയും ഒരുപാട് സാധനങ്ങളും.അടുത്ത് കണ്ട സിസ്റ്ററെ അവൾ വിളിച്ചു."എന്നെ ഇവിടെ എത്തിച്ചത് ആരാന്ന് ഒന്നുപറയാവോ..."

അധികം സംസാരിക്കരുത്. ആളെ കാണിച്ചുതരാം. ഇല്ല എന്നവൾ വാക്കുകൊടുത്തു.ഡോർ തുറന്ന് റൂമിലെത്തിയ ആ വ്യക്തിയെ കണ്ട് അവൾ സ്തംബ്ധയായി. ഇതുവരെ വെറുപ്പോടെയും പരിഹാസത്തോടെയും മാത്രം നോക്കുകയും കളിയാക്കുകയും പകരം തിരിച്ച് സ്നേഹം മാത്രം നൽകിയ ബാലകൃഷ്ണൻ . കുറച്ചു സമയം ഇരുവരും ഒന്നും പറഞ്ഞില്ല.ഒരു ചലനവുമില്ലാതെ രണ്ടുപേരും ഇത്ര നേരം നിന്നതെന്ന് നിശ്ചയമില്ല. എങ്കിലും മീനാക്ഷിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. കുറച്ചു സമയത്തെ നിശബ്ദതയ്ക്ക് ശേഷം അവൾ വിളിച്ചു ."അച്ഛാ....".''അച്ഛാ എന്നോട് ക്ഷമിക്കണം...വെറുക്കരുത് എന്നെ. അറിയില്ലായിരുന്നു ഒന്നും. ...".അവളുടെ നെറുകയിൽ പിതൃവാത്സല്യത്തിന്റെ സ്നേഹചുംബനം നൽകികൊണ്ട് അയാൾ പറഞ്ഞു."മക്കളുടെ തെറ്റ് അച്ഛനമ്മമാരല്ലാതെ വേറാരാണ് ക്ഷമിക്കുക?.അപ്പോഴാണ് അവൾക്ക് മനസ്സിലായത് എന്നും എപ്പോഴും അവളുടെ കൂടെ അച്ഛനുണ്ടായിരുന്നത്. അതിർത്തികാക്കുന്ന പട്ടാളക്കാരനെപോലെ കോളേജിലും ബസ്റ്റോപ്പിലും എല്ലായിടത്തും ഒരു നിഴൽ.

## നഗ്ന സത്യങ്ങൾ

**ധീരജ് . എം**

കാറ്റിനെപ്പോഴും സുഗന്ധമില്ല
ചില മോഹങ്ങളപ്പോഴും സഫലമാകാറില്ല
ചില സത്യങ്ങളാരും തിരിച്ചറിയാറില്ല
ചില നിമിഷങ്ങൾ മനസ്സീന്ന് മായാറില്ല
ചില സന്ധ്യകൾ ചുവന്നു നിൽക്കാറിൽ
രാത്രികളെപ്പോഴും നിലാവ് പൊഴിക്കാറില്ല
മരങ്ങളെപ്പോഴും പൂക്കാറില്ല
ചെടികളെപ്പോഴും പൂവിടാറില്ല
ചില ചോദ്യങ്ങൾക്ക ഉത്തരം കിട്ടാറില്ലെപ്പൊഴും.

# കൃതികളുടെ വികൃതി

**അനുരാഗ്, 10 സി**

2 ന്റെ കൃതികൾ നോക്കൂ

$2^1=2$

$2^2=4$

$2^3=8$

$2^4=16$

$2^5=32$

$2^6=64$

$2^7=128$

$2^8=256$

$2^9=512$

$2^{10}=1024$

.........................

.......................

അവസാന അക്കങ്ങൾ 2,4,8,6 ഇവയിലേതെങ്കിലും ഒന്നാണെന്നും ഇവ ചക്രീയമായി ആവർത്തിക്കുന്നുവെന്നും കാണാം.

3 ന്റെ കൃതികളിലോ?

$3^1=3$

$3^2=9$

$3^3=27$

$3^4=81$

$3^5=243$

$3^6=729$

$3^7=2187$

$3^8=6561$

...............

...............

അവസാന അക്കങ്ങൾ 3,9,7,1 ഇവയിലേതെങ്കിലും ഒന്നാണെന്നും ഇവ ചക്രീയമായി ആവർത്തിക്കുന്നുവെന്നും കാണാം.

4 ന്റെ കൃതികളിൽ 4,6 എന്ന ക്രമത്തിലും 5 ന്റെ കൃതികളിൽ 5,0 എന്ന ക്രമത്തിലും ചക്രീയമായി ആവർത്തിക്കുന്നുവെന്ന കാണാം. 6 ന്റെ കൃതികളിൽ അവസാന അക്കം എപ്പോഴും 6 ആയിരിക്കും.

7,8,9 എന്നീ സംഖ്യകളുടെ കൃതികൾ പരിശോധിച്ചു നോക്കൂ.

അവസാന രണ്ടക്കങ്ങൾക്കെന്തെങ്കിലും പ്രത്യേകതകളുണ്ടോ?

# MY EFLU EXPERIENCES

CHAITHRA P, OLD STUDENT

From a Malayalam medium school, to the only university for English and Foreign languages in Asia, my journey was all about beating myself. Being a student, who was good at science, my choice of English for higher studies was questioned by my well wishes. These were a lot of opportunities paned before me; and as Robert Frost put it, I chose the road which was “less travelled by” the science stream students. Though the decision was not from a firm object; still i do not regret about the choice, as i believe: when there is a will, there will be a way for sure at any closed space which will lead to the light.

I who have started learning English only from the fourth standard, that in at the age of 9, was of course poor in the language. One of my motive was to improve my language, where i scored comparatively less marks in the exam. I wanted to prove my self that “I could”.

At college, i was one out of the very few Malayalam medium students in the class, where the lion share was from CBSE. It was not easy at the beginning. I couldn’t make out what the teachers spoke and faced difficulties while speaking. The difficulties ranged from hesitation to diffidence. However, slowly dares to speak my broken English in front of the well spoken Englishes. Surprisingly that attempt was not from my urge to speak in English, but from a longing to express my views.

And this was the point where I realised that a language is only a form of expression, a tool for communication. It should not be used to impress but to express. As Joseph Annamkutty Jose, and emerging speaker said, when one has the content, the language will follow him/her.

After completing my UG, I got selected to the EFLU for higher studies. EFLU was an amalgam of different cultures and languages. It was a mini India, where the student were from diverse areas speaking various languages and to communicate, English was the only way. The environment also was sounded by the same language and was an opportunity to imbibe and reproduce. The environment, and more over the clave to communicate stimulated my English.

Thus the first thing is to enrich your soul, your core with five content. And this is well done when one acquire or imbibe it from the environment. This can be done through reading, listening, watching and speaking English. One of the main thing one should always remind in that the language must come from inside, the utterances should be to express one’s our ideas, and not to use correct English.

The fact in that there is no perfect English, as it is a global language, which is used bt people of different languages, cultures , communities and geographies. Another fact is that English or any language is not better than any other languages. And more over, English has become an Indian language, and is not a Foreign language any more.

Each language has its own beauty, its own advantages and ultimately it is a medium of expression, even the the language has its own politics.

When one realises these facts and uses the language for the expression of the soul it will become easy. It will become your language over uses and you will progressively attain a good command over it. Even if you couldn’t, there is nothing to worry. As Kamala Das put it, the language you speak becomes yours, its distortions, its queernesses becomes yours. The language you speak has a unique beauty you have attached to it. We confident and express your views, in spite of worrying about perfect English

# പ്രകൃതിയെന്ന പെണ്ണ്

**നന്ദിത . എ .എസ് 9A**

പ്രകൃതിതൻ പ്രക്ഷുബ്ധതയിൽ
കരപോലും കടലാകുമാ വേലയിൽ
ഉണങ്ങാമുറിവിന്നലകടലിലേ -
ക്കാഴ്ന്നു പോകുമോരുപെണ്ണിൻ മനം.

മെഴുതിരിയായ് എരിഞ്ഞുതീരുമാ
പെണ്ണിൻ മനസ്സിലെന്നോ
വിരിഞ്ഞ പൂമൊട്ടുകൾ
കൊഴിയാതെന്നും ശേഷിച്ചിരുന്നു.

ജീവാംശമായെന്നുമവളിൽ
കത്തിജ്ജ്വലിക്കുമാ സ്വപ്നത്താൽ
നദിയായൊഴുകുമാ മന -
സ്സ്രോതോ വിരഹത്തിൻ കൊടുങ്കാറ്റാൽ
തട്ടിയുണർത്തവേ
പ്രപഞ്ചമെന്നൊരാ പെണ്ണിൻ മന -
മന്നൊരു പ്രളയസൃഷ്ടിക്കായുണർന്നു.

മനമുരുകുമാ പെണ്ണിൻ
മിഴികളിൽ നിന്നുമടരും
അശ്രുധാരയിലാ പ്രകൃതിതൻ
അന്തരംഗമൊരു പ്രളയമായുയർന്നു.



# ഓർമ്മയിൽ എന്നും

സൂര്യരഞ്ജിത്.എസ്

ഓരോരുത്തരുടെയും ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരായിരം ഓർമകളും അനുഭവങ്ങളും ഉണ്ടായിരിക്കും.എന്റെ ജീവിത്തിലും ഇത്തരം ഓർമ്മകളും അനുഭവങ്ങളും ധാരാളമുണ്ട്.അതിൽ നിന്ന് ഞാൻ നെയ്യെടുത്ത മനോഹരമായ ഒരു അനുഭവമാണ് ഞാൻ കഥയാക്കി ഇവിടെ വർണിക്കുന്നത്.

എന്റെ ജീവിതത്തിൽ എനിക്കൊരിക്കൊരിക്കലും മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു ഷോർട്ട് ഫിലിം തികച്ചും അപ്രതീക്ഷമായാണ് ഞാനതിൽ എത്തിച്ചേർന്നത്. കഴിഞ്ഞ മധ്യവേനലവധിക്കാലത്താണ് എന്നെ ഷോർട്ട്ഫിലിമിൽ അഭിനയിക്കാൻ ആദ്യമായി വിളിക്കുന്നത്. വെക്കേഷനായതിനാൽ ഞാൻ അച്ഛന്റെ വീട്ടിലായിരുന്നു. അന്നു ഞാൻ ഇടതുകാൽമുട്ടിന് പരിക്കു പറ്റി പൂർണമായി ഭേതമാവാതെ വിഷമിച്ചിരിക്കുകയായിരുന്നു. എങ്കിലും പിറ്റേദിവസം തന്നെ നാട്ടിലേക്ക് തിരിച്ചെത്തി.
റവന്യൂ ജില്ലാ കലാമേളയിൽ ബെസ്റ്റ് ആക്ടറായ എനിക്ക് കിട്ടിയ ഒരവസരമല്ലേ. അത് പാഴാക്കരുതല്ലോ.

സ്കൂളിൽ എത്തിയപ്പോഴാണ് ഞാൻ അഭിനയിക്കേണ്ട കഥാപാത്രത്തെക്കുറിച്ച് മനസ്സിലാവുന്നത്.ഹാഷിം എന്ന ഒരു അന്ധബാലനായിട്ടായിരുന്നു അഭിനയിക്കേണ്ടത്. ആദ്യം ഒന്നു പകച്ചുവെങ്കിലും ഭഗവാനെ മനസ്സിൽ വിചാരിച്ച് നടിച്ചു.

അന്ധനായ ഒരു കുട്ടിക്ക് സ്കൂളിൽ നേരിടേണ്ടിവരുന്ന അവഗണനകളും അവനുണ്ടാകുന്ന ദു:ഖങ്ങളും ഞാൻ മനസ്സിലാക്കി. അങ്ങിനെ 'ഖദ്യോതഃ' എന്ന സംസ്കൃതം ഷോർട്ട് ഫിലിം തയ്യാറായി. ഞങ്ങളുടെ സംസ്കൃതം അധ്യാപികയായ സുമംഗല ടീച്ചറുടെ വലിയൊരു പ്രയത്നത്തിന്റെ ഫലം കൂടിയായിരുന്നു അത്. ക്യാമറയുടെ മുന്നിൽ ആദ്യമായി നിൽക്കുമ്പോഴുണ്ടാകുന്ന ഭയം ഞാൻ ആദ്യമായ് തിരിച്ചറിഞ്ഞു.

ഞങ്ങളുടെ ഷോർട്ട്ഫിലിമിന് സംസ്ഥാനതലമത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ഫിലിം കണ്ടവർക്കൊക്കെ അതിനെക്കുറിച്ച് നല്ലതേ പറയാൻ കഴിഞ്ഞുള്ളു. പലരും എന്നെ അഭിനന്ദിച്ചു. സമ്മാനം ഏറ്റുവാങ്ങാനായി ഞങ്ങൾ തൃശ്ശൂരിലേക്ക് പുറപ്പെട്ടു. പുലർച്ചെ നാലുമണിക്കുതന്നെ ഞാനും ടീച്ചറും സായൂജും എന്റെ അച്ഛനും അമ്മയും കൂടി യാത്ര തിരിച്ചു.

നിങ്ങൾക്ക് സായൂജിനെ അറിയില്ലല്ലോ? ഞാൻ പറയാം.കണ്ണു കാണാത്ത ഹാഷിമിനെ ജീവനു തുല്യം സ്നേഹിക്കുന്ന അനന്തു എന്ന കൂട്ടുകാരൻ.ഹാഷിമിനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നതിന്റെ പേരിൽ അവഗണനകൾ ഏറ്റുവാങ്ങേണ്ടിവരുന്നവൻ. ഹാഷിമിന് താങ്ങും തണലുമായി കൂടെകൊണ്ടു നടന്നവൻ. ഷോർട്ട് ഫിലിം കഴിഞ്ഞെങ്കിലും ഞങ്ങളുടെ സൗഹൃദ ബന്ധം ഇന്നും നിലനിൽക്കുന്നു.

ഞങ്ങൾ തൃശ്ശൂരിലെത്തി.അന്നാദ്യമായി ഞാൻ സംഗീത നാടക അക്കാദമിയും ബഹു:വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് അവർകളേയും കണ്ടു. ആ നിമിഷങ്ങൾ മറക്കാൻ എനിക്ക് കഴിയില്ല. പക്ഷേ എല്ലാവരും ചെയ്യുന്നതു പോലെ ഞാനത് മൊബൈൽ ഫോണിലെ രണ്ടു 'Click'ൽ ഒതുക്കി. പക്ഷെ വിദ്യാഭ്യാസ മന്ത്രിയുടെ കൂടെ സെൽഫി എടുക്കാൻ പോയ ഞാൻ ശരിക്കും വിയർത്തു. ആ കാഴ്ച ഞാനിങ്ങനെ വർണിക്കാൻ ഉദ്ദേശിക്കുന്നു. ലില്ലിപ്പാട്ടുകാർ ഗള്ളിവറിനെ കണ്ടതുപോലെ.അത്രയും വലിയ മനുഷ്യനായിരുന്നു അദ്ദേഹം. അത്രയ്ക്കും അദ്ധേഹത്തോടുള്ള ബഹുമാനവും വർദ്ധിച്ചു. ഇത്തരം അനുഭവങ്ങൾ പകർത്തിവയ്ക്കാനല്ല, മറിച്ച് നെഞ്ചിലെ ചില്ലുകൂട്ടിൽ സൂക്ഷിച്ചു വയ്ക്കാനുള്ളതാണ്


# അമ്മ

തേജാലക്ഷ്മി, 10C

അമ്മിഞ്ഞ തന്നതും അമ്മ
നല്ലമ്മകൾ തന്നതും അമ്മ
കൊച്ചരിപല്ലുകൾ കാട്ടിച്ചിരിച്ചപ്പോൾ
വാരിയെടുത്തതും നെഞ്ചോട് ചേർത്തതും അമ്മ
താരാട്ട് പാട്ടിൻ ഈണങ്ങൾ ചൊല്ലി
എന്നെ പാടിയുറക്കിയതും അമ്മ
പിച്ചവെച്ചു ഞാൻ തെന്നി വീഴാൻ നേരം
കൈതന്ന് കാത്തതും അമ്മ
ഹരിശ്രീ കുറിച്ച് ഞാൻ പാഠങ്ങൾ ചൊല്ലുമ്പോൾ
അക്ഷരക്കൂട്ടങ്ങൾ ചൊല്ലിതന്നതും അമ്മ
അച്ഛനെ കാത്ത് ഞാൻ ഉറങ്ങാതിരിക്കുമ്പോൾ
നൽക്കഥകൾ ചൊല്ലിത്തന്നതും അമ്മ
ജീവിതയാത്രയിൽ നേർവഴി കാട്ടി
നന്മകൾ നേർന്ന് താങ്ങായ്
തണലായ് എന്നും കൂടെയുണ്ടമ്മ.........




# PROOF WITHOUT WORDS




ചിത്രത്തിൽ സാമാന്തരികം ABCD യിൽ AF = DE ആണ്. ചതുർഭുജം EGFH ന്റെ പരപ്പളവ് സാമാന്തരികം ABCD യുടെ പരപ്പളവിന്റെ പകുതിയാണ് എന്ന് തെളിയിക്കുക.

ചുവടെയുള്ള ചിത്രം നോക്കൂ.




ഇങ്ങനെ ചിത്രങ്ങളിലൂടെയുള്ള തെളിവ് ധാരാളമുണ്ട്. കൂട്ടുകാർ അന്വേഷിച്ച് നോക്കൂ.

# പരിസരമലിനീകരണം

**അനശ്വര ശബരീഷ്,**

നാളുകൾ കഴിയും തോറും നമ്മുടെ ജനസംഖ്യകൂടിക്കൊണ്ടിരിക്കുകയാണ്. വാസസ്ഥലത്തിനുള്ള സൗകര്യങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.
വയൽനികത്തിയും മതിൽകെട്ടിയും സുരക്ഷഉറപ്പുവരുത്തുന്നു. ഇതെല്ലാം ചെയ്യാനറിയാവുന്ന നമ്മുക്ക് ഈ പ്രവൃത്തിയുടെയെല്ലാം ഫലമായി
ചുറ്റുപാടും വരുന്ന വിനകളെന്തൊക്കെയെന്ന് മാത്രം ചിന്തിക്കാൻ കഴിയുന്നില്ല.
നാം നമ്മുടെ ചുറ്റുപാടും വരുത്തിവയ്ക്കുന്നവിനകളെക്കുറിച്ച് ഒന്നു ചിന്തിച്ചുകൂടെ. വയൽ നികത്തിയും ചുറ്റും മതിൽപണിതും വീട് നിർമ്മിക്കുന്ന നമ്മുക്ക് മഴ പെയ്താലുള്ള വെള്ളം അവിടെത്തന്നെ കെട്ടിനിന്ന് മലിനജലമാകുന്നതിന് സാക്ഷികളാകാം. ആഹാര അവശിഷ്ടങ്ങൾ കൃത്യതയോടെ സംസ്കരിക്കാൻ തുനിയാത്തവരല്ലെ നമ്മളിൽ പലരും. വിലകുറഞ്ഞപ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുത് എന്നുള്ളതീരുമാനം നമ്മളിൽ പലർക്കും
വിലകുറഞ്ഞ വിഢിത്തങ്ങളാണ് .എന്തിനേറെ പറയുന്ന പൊതുമാധ്യത്തിൽ തുപ്പാനും ആൾക്കൂട്ടത്തിനിടയിൽ മൂക്കുചീറ്റാനും യാതൊരു മടിയും ഇല്ലാതായിരിക്കുന്നു . നമ്മുടെ പരിസരം മലിനമാകുന്നുവെങ്കിൽ അതിനുത്തരവാദി മറ്റാരുമല്ല, നമ്മളോരോരുത്തരുമാണ് .ദിനങ്ങൾ കഴിയും തോറും പരിസരശുചിത്വത്തിന്റെ കാര്യത്തിൽ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു . അല്ലെങ്കിൽ നമ്മുക്ക് മുന്നിൽവരാന്നിരിക്കുന്നത് ഗുരുതരമായ അപകടമാണ്.നമ്മുടെ ഒരു പ്രവൃത്തിയും കൊതുകുവളർച്ചയ്ക്കും അണുവർദ്ധനവിനും കാരണമാകില്ലെന്ന് പ്രതിജ്ഞചെയ്യേണ്ടത് അനിവാര്യമാണ്.എല്ലാ ആശുപത്രികളിലും ശുചിത്വമുള്ള പരിസരം ഉറപ്പുവരുത്തേണ്ടബാധ്യത സർക്കാരിനുണ്ട്. വേണ്ടത്ര പരിസരസഹചര്യമില്ലത്തവർ പക്ഷി-മൃഗാദികളെ വളർത്താൻ. മാലിന്യങ്ങൾസംസ്കരിക്കാൻ അറിയാത്തവർ പ്രത്യേകം സൗകര്യമൊരുക്കണം. കെട്ടിനിൽക്കുന്ന വെള്ളത്തിൽ അണുനാശി
നി തളിയ്ക്കണം. വെള്ളം കെട്ടിനിർത്തുന്ന ടാങ്കുകളിൽ കൊതുകുഭോജികളായ മീനുകളാണ് വേണ്ടത്. ഇതിനെല്ലാം ഇനിയും നാം മടിച്ചുനിന്നാൽ ഇന്നത്തെ തലമുറയെയും വരാന്നിരിക്കുന്ന തലമുറയേയും എതിരേൽക്കാൻ പോകുന്നത് മാരകമായ രോഗങ്ങളാണെന്ന സത്യം നാം തിരിച്ചറിയേണ്ടതുണ്ട്.
ശുദ്ധജലം ഒഴുക്കിയിരുന്ന പുഴയിലെ ജലം കറുത്ത വിഷദ്രവമായി മാറുന്നു. മത്സ്യങ്ങൾ ചത്തുപൊന്തുന്നു. മലിനമായ പുഴയിലേക്ക് ഇറങ്ങാൻ കഴിയാതിരിക്കുന്നു. പുഴയുടെ തീരത്തെഫാക്ടറികൾ ഒഴുക്കിവിടുന്നമലിനജലമാണ് ഈ അവസ്ഥ ഉണ്ടാക്കിയത്. നഗരം ഒരു ശവപ്പറമ്പുപ്പോലെ, ഫാക്ടറികളിൽ നിന്നുയരുന്ന പുകയും പൊടിയും ആകാശത്തിന്റെ നീലനിറം പോലും ഇല്ലാതാക്കിയിരിക്കുന്നു. നഗരവാസികൾ രോഗത്തിന്റെ പിടിയിലാമർന്നു കഴിഞ്ഞു. ശുദ്ധവായുപോലും ശ്വസിക്കാൻ കഴിയാത്ത അവസ്ഥ.നാം ചേയ്യേണ്ട പ്രവൃത്തി നാം തന്നെ ചെയ്യ്തു തീർക്കണം.ഹർത്താൽ നടത്തിയും ആശുപത്രികൾ അടിച്ചുതകർത്തുമല്ല നാം കടമനിർവഹിക്കേണ്ടത്.

# അതിർവരമ്പുകൾ നാട്ടുമ്പോൾ

മാനസ.സി 9 ഡി

ചിരകാലസ്മരണതൻ
അവശേഷിപ്പുകൾ
തിരയുന്ന ഞാനിതാ.......
ഈ പാതയോരങ്ങൾ
വിണ്ടുകീറുന്നിതെൻ
മനസ്സിൽ മായാത്ത മരുപ്പച്ചയെ.....
ബന്ധത്തിൻ മുത്തുകൾ
ബന്ധിയായി തങ്ങിയ
വെള്ളച്ചരടുകൾ പൊട്ടിച്ചെറിഞ്ഞപ്പോൾ.....
പകതൻ തീച്ചൂളകൾ
വെണ്ണീറാക്കിയ മനസ്സുകൾ
അതിർവരമ്പുകൾ നാട്ടുമ്പോൾ.....
പുതുയുഗം കനലുകൾപാകും
വഴികളിൽ,
ഭ്രാന്തമായലുന്നിതോരോ വപുസ്സുകൾ.
അയലത്തെ കണ്ണീരിൻ
കയ്പ്പറിയിക്കുവാൻ,
ചിരിയുടെ മധുരം പകരുവാൻ,
ദൂതനില്ല,
ദൂതവാക്യവും.

# സാഹിത്യ ക്വിസ്

1.'ഇന്ദുലേഖ' എഴുതിയ ഒ.ചന്ദുമേനോൻ മറ്റൊരു നോവൽ കൂടി എഴുതിയെങ്കിലും അത് പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.ഏതാണ് ആ നോവൽ?

2."കരുണ ചെയ്യുവാനെന്തു താമസം കൃഷ്ണാ"
എന്ന പ്രസിദ്ധ കീർത്തനത്തിന്റെ കർത്താവ് ആര്?

3.പ്രഥമ എൻ.വി സാഹ്യത്യ പുരസ്കാരം ലഭിച്ചതാർക്ക്?
ഗ്രന്ഥം ഏത്?

4.'വാതാപി ഗണപതിം'എന്ന പ്രസിദ്ധ കീർത്തനത്തിന്റെ രചയിതാവ് ആര്?

5.കേരളത്തിലുണ്ടായ ആദ്യത്തെ സംസ്കൃത ചമ്പുവായ അമോഘരാഘവത്തിന്റെ കർത്താവ് ആര്?

6."നമ്മുടെ വീട്ടിൽ കാവൽകിടക്കും
നായൊരു നല്ല മൃഗം
നമ്മെക്കാണുന്നവളര് കാട്ടും
നന്ദി മറക്കാമോ?"
പ്രശസ്തമായ ഈ വരികൾ എഴുതിയത് ആരാണ്?

7.സി.പി.കൃഷ്ണൻ ഇളയതിന്റെ 'വസന്തസേന'ഏത് സംസ്കൃത നാടകത്തിന്റെ കഥാസംഗ്രഹമാണ്?

8.ഒരു യക്ഷനെ പ്രധാന കഥാപാത്രമാക്കി കാളിദാസൻ രചിച്ച കൃതി ഏത്?

9.കേരളപ്പഴമ, കേരളോൽപ്പത്തി എന്നീ കൃതികളുടെ രചയിതാവ് ആര്?

10.'ദി ആപ്പിൾ കർട്ട് എന്ന നാടകം ആരാണെഴുതിയത്?

# ഉത്തരങ്ങൾ

1.ശാരദ

2.ഇരയിമ്മൻ തമ്പി

3.ഒളപ്പമണ്ണ(ജാലകപ്പക്ഷി)

4.മുത്തുസ്വാമി ദീക്ഷിതർ

5.ദിവാകരകവി

6.ഉള്ളൂർ.എസ്.പരമേശ്വരയ്യര്

7.മൃച്ഛകടികത്തിന്റെ

8.മേഘദൂത്

9.ഡോ.ഹെർമൻ ഗുണ്ടർട്ട്

10.ജോർജ് ബർണാഡ്ഷ

# നവാഗതർ

**മാനസ.സി, 9 D**

ആ കടൽ
നീതിയുടെ അഗാധതയെ
ഉറ്റുനോക്കി.
മൗനം കലർന്ന
ഉപ്പുനീരുറവ മാത്രമായിരുന്നു അവൾ.
ഒരു നാൾ,
ഏതോ കറുത്ത കൈകൾ
അവളിൽ
കാമത്തിന്റെ വലയെറിഞ്ഞു.
ആ ഉപ്പുനീരിലലിഞ്ഞ
മൗനവും,
ശുദ്ധിയും
ഊറ്റിക്കുടിക്കുവാനെത്തിയത്
തിന്മ ചവച്ചുതിന്ന
കറുത്ത ശരീരങ്ങളായിരുന്നു.
അവയ്ക്കു മുന്നിൽ ചോദ്യചിഹ്നമായ്
അവളലയടച്ചു.
അവൾ
നീതിയുടെ കര തൊടാൻ
ഇന്നും ഇരമ്പുന്നു.
കൂടെ,
അവളുടെ അനന്തതയെ തൊട്ടറിഞ്ഞ
ചുവന്ന വാനവും.

1 x 9+2=11

12 x 9+3=111

123 x 9+4=1111

1234 x 9+5=11111

12345 x 9+6=111111

123456 x 9+7=1111111

1234567 x 9+8=11111111

12345678 x 9+9=111111111